# ആമുഖം

മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ മലയാറ്റൂർ എന്ന മലയോരത്തിലാണ് സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്നത്. "മലയും ആറും ചേർന്ന ഊര് അതാണ് മലയാറ്റൂർ". പ്രകൃതിസുന്ദരമായ മലയാറ്റൂരിന്റെ തിലകക്കുറിയായി വിരാജിക്കുന്ന സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ 2018-ൽ 50 വർഷം പിന്നിട്ടു. ഹയർസെക്കന്ററി വിഭാഗം 24 വർഷം പിന്നിട്ട് സിൽവർ ജൂബിലി നിറവിലാണ്.

ക്രിസ്തു ശിഷ്യനായ മാർതോമാശ്ലീഹായുടെ പാദസ്പർശനം കൊണ്ട് പരിപാവനമായ ഭൂമിയിൽ അനേകലക്ഷം തീർത്ഥാടകർ വന്നെത്തുന്ന അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രത്തിലാണ് ഈ വിദ്യാലയം സ്ഥാപിതമായിരിക്കുന്നത്. ഇന്ന് ഈ വിദ്യാലയം നാടിന്റെ മുഴുവൻ അറിവിന്റെ ആശയ കേന്ദ്രമായിരിക്കുന്നു. പാഠ്യപാഠ്യേതര വിഷയങ്ങൾക്ക് തുല്യ പ്രാധാന്യം കൊടുത്തു കൊണ്ട്

ഈ വിദ്യാലയം ഒരു വിജയ സ്വപ്നമായി വളരുന്നു.

## ലക്ഷ്യങ്ങൾ

1. ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ ഉയർന്ന വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
2. കുട്ടികളിൽ അന്വേഷണത്വര, ശാസ്ത്രബോധം, ദൈവശാസ്ത്ര പരിജ്ഞാനം, സൃഷ്ടിവൈഭവം, കണ്ടെത്തലുകൾ, ജീവിതലക്ഷ്യത്തിലേക്കുള്ള ദിശാബോധം തുടങ്ങിയവ വളർത്തുന്നതിനുതകുന്ന സാഹചര്യങ്ങൾ ഒരുക്കുക.
3. കുട്ടികൾ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പഠന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കത്തക്ക രീതിയിൽ പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.

# വിദ്യാലയ ചരിത്രം

പഴയ കാലത്തിന്റെ സ്മരണയിൽ പഴയ കാലത്തിന്റെ ഗൃഹാതുര സ്മരണകളോടെ തല ഉയർത്തി നിൽക്കുന്ന സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിനു പറയാനുള്ളത് ഒത്തിരി പഴയ കഥകൾ. മലയാറ്റൂരിൽ ആദ്യമായി സ്ഥാപിതമായ സെന്റ് മേരീസ് എൽ.പി. സ്കൂളിനു ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. 1912-ലാണ് മലയാറ്റൂർ സെന്റ് തോമസ് ദേവാലയത്തോട് ചേർന്ന് ഈ വിദ്യാലയം സ്ഥാപിതമാകുന്നത്. നാലാം ക്ലാസ്സുവരെ അധ്യയനം നടന്നിരുന്ന ഇവിടെ 1942-ൽ ഇംഗ്ലീഷ് പഠനത്തിനുവേണ്ടി നാലര ക്ലാസ്സ് ആരംഭിച്ചു. എന്നാൽ യു.പി വിഭാഗത്തിന്റെ വരവോടെ അത് അപ്രത്യക്ഷമായി. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു മുൻപു തന്നെ നമ്മുടെ നാട്ടിൽ മികച്ച നിലവാരത്തിലുള്ള ഒരു സ്കൂൾ ഉണ്ടായിരുന്നു എന്നത് ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിന്റെ നേർസാക്ഷ്യമാണ്. 1968-ൽ ആണ് ഇവിടെ ഹൈസ്കൂൾ ആരംഭിച്ചത്. 2000-ത്തിൽ അത് ഹയർ സെക്കന്ററിയായി ഉയർത്തി.

എത്രയോ ആയിരങ്ങളാണ് ഈ സരസ്വതി ക്ഷേത്രത്തിൽ നിന്ന് വിദ്യനേടി പുറത്തുപോയിട്ടുള്ളത്. യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ വിഭാഗത്തിലായി 1200 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. തുടർച്ചയായി പതിനൊന്നാമത്തെ S.S.L.C പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി. ഹയർസെക്കന്ററി പരീക്ഷയിലും തിളക്കമാർന്ന വിജയം കരസ്ഥമാക്കുന്നു.

ആതുരസേവന രംഗങ്ങളിലും, നീതിന്യായവകുപ്പിലും, ശാസ്ത്രസാങ്കേതിക തലത്തിലും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലും സമൂഹത്തിന്റെ ഉയർന്ന തലത്തിലും നിരവധി പൂർവ്വവിദ്യാർത്ഥികൾ മികവാർന്ന സേവനം കാഴ്ചവയ്ക്കുന്നു. NCC, SPC, Scout & Guide, NSS, കരിയർഗൈഡൻസ് & അഡോളസെൻസ് കൗൺസിലിംഗ്, ലിറ്റിൽ കൈറ്റ്സ്, സൗഹൃദ ക്ലബ്ബ്, ഓറിയന്റേഷൻ ക്ലാസുകൾ ഇടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനം JRC, വിദ്യാരംഗം, സ്പോർട്സ് & ഗെയിംസ് ഇടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം : കാഴ്ചപ്പാട്

1. പാഠ്യപാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവതല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്നു.
2. അച്ചടക്കം, ശുചിത്വം, സേവനസന്നദ്ധത തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു.
3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കൽ.

## പദ്ധതിരൂപീകരണപ്രക്രിയ
### വിവിധ ഘട്ടങ്ങൾ.

വികസന ആവശ്യങ്ങൾ :- ഭൗതികം, അക്കാദമികം, സാമൂഹികം. എന്നിവ തിരിച്ച് കരടുരേഖ തയ്യാറാക്കൽ

SRG, SMC, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവരുടെ ശില്പശാലയിൽ കരടുരേഖ അവതരിപ്പിക്കൽ.

പുതിയ നിർദ്ദേശങ്ങളും ആശയങ്ങളും കൂട്ടിച്ചേർക്കൽ

പിടിഎയുടെ നേതൃത്വത്തിൽ ക്രോഡീകരണം

നിലവിലെ അവസ്ഥാ വിശകലനം

A 1. ഭൗതികം - നേട്ടങ്ങൾ

10 HS ക്ലാസ് മുറികളിലും 9 HSS ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം ക്രമീകരിച്ചു.

2. കുട്ടികളുടെ സുരക്ഷയെ കരുതി 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.സി.ടി.വി ക്യാമറകൾ.

3. ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ.

4 മനോഹരമായ സ്കൂൾ കവാടം (1976-77 ബാച്ചിലെ കുട്ടികൾ)

5 വോളിബോൾ കോർട്ട് (1969-70 ബാച്ചിലെ കുട്ടികൾ)

6 ഉയർന്ന നിലവാരം പുലർത്തുന്ന ശൗചാലയങ്ങൾ.

B ഭൗതികം. പരിമിതികൾ

1. ലൈബ്രറിക്ക് മികച്ച സൗകര്യം ഉള്ള. അസംബ്ലി ഹാൾ നിർമ്മിക്കണം.
വാഹനഷെഡ് പരിമിതം
പൂന്തോട്ടം പരിമിതം.

## അക്കാദമികം : നേട്ടങ്ങൾ

S.S.L.C പരീക്ഷയിൽ തുടർച്ചയായി പതിനൊന്നാമതവണ 100% വിജയം. ഗെയിംസിൽ മികച്ച വിജയം. വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം മികച്ചരീതിയിൽ നടക്കുന്നു.

## പരിമിതികൾ :

1. ക്ലാസ് ലൈബ്രറികളുടെ ക്രമീകരണം
2. ആധുനിക രീതിയിലുള്ള നോട്ടീസ് ബോർഡ്
3. വായനക്കായ് ലൈബ്രറി ക്രമീകരിക്കൽ.
4. ക്ലബ് പ്രവർത്തനങ്ങൾ നടത്താനുള്ള പരിമിതി
5. അസംബ്ലി ഹാൾ.
6. Sick Room.
7. വിശ്രമമുറി
8. മാലിന്യ സംസ്കരണം

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ക്ലാസ് മുറികൾ | PTA ശക്തിപ്പെടുത്തൽ |
| വായനാപരിപോഷണം | വിശ്രമമുറി | വിദ്യാലയ വികസനസമിതി |
| ലൈബ്രറി ശാക്തീകരണം | മൾട്ടിമീഡിയ റൂം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| ഗണിതശേഷി വികസനം | ഭോജനശാല | SMC, SMDC കാര്യക്ഷമമാക്കൽ |
| ശാസ്ത്രപോഷണ പരിപാടി | അസംബ്ലി ഹാൾ | കാര്യക്ഷമമാക്കൽ |
| ലാബോറട്ടറി ആധുനികവൽക്കരണം | മാലിന്യസംസ്കരണം | SSG, YGD സന്ന |
| പ്രതിഭാപോഷണ പരിപാടി | രണ്ടാം നിലയിൽ ശൗചാലയം | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| നാടകക്കളരി | ക്ലാസ് റൂമുകളിൽ (ശബ്ദം) | വിദ്യാഭ്യാസ പ്രവർത്തകർ |
| സെമിനാറുകൾ | സ്പീക്കറുകൾ | പൂർവ്വവിദ്യാർത്ഥികൾ |
| അദ്ധ്യാപക ശാക്തീകരണം | നോട്ടീസ് ബോർഡ് | അധ്യാപകർ സഹകരണസ്ഥാപന. |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ക്ലാസ് പി.ടി.എ സജീവമാക്കൽ | വാഹനഷെഡ് | വ്യവസായ ഗ്രൂപ്പുകൾ |
| സ്കൂൾ പത്രം | ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓഡിറ്റോറിയം | സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |
| മാസിക | | |
| പ്രവൃത്തിപരിചയ പഠനം | | |
| രചനാശില്പശാല | എല്ലാ ക്ലാസ് മുറികളിലും വൈറ്റ് ബോർഡ് | |
| അഭിമുഖങ്ങൾ | | വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| ശാസ്ത്രാഭിരുചി വളർത്തൽ | മാലിന്യ സംസ്കരണ പ്ലാന്റ് | |
| ഗണിതലാബ് | സയൻസ് ലാബ് നവീകരണം | റിസോഴ്സ് മാപ്പിംഗ് |
| ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ (YIP) | കമ്പ്യൂട്ടർ ലാബ് നവീകരണം | പ്രാദേശിക പി.ടി.എ |
| ബ്ലോഗ് | ജന്മദിനത്തിലെ ഒരു പുസ്തകം | ഭവനസന്ദർശനം |
| ഒറിഗാമി ശില്പശാല | എന്റെ വീട്ടിൽ ഒരു വൃക്ഷത്തൈ | |
| ക്ലാസ് ലൈബ്രറി | | |

# പ്രവർത്തന പദ്ധതി രൂപരേഖ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| 1. **കേൾവിശേഷി വർധിപ്പിക്കുക** | ഐ.സി.ടി.സി യുടെ സഹായത്തോടെ ഓരോ പാഠഭാഗങ്ങളും , ഹിന്ദി പത്രവാർത്തകളും, കഥകളും,കവിതകളും കേൾക്കുവാൻ അവസരം നൽകുക. | ഒരു വർഷം | അദ്ധ്യാപിക | ഇല്ല |
| 2. **വായനാശേഷി വർധിപ്പിക്കുക** | വായനാ കാർഡുകളുടെ സഹായത്തോടെ ഹിന്ദി വായന പരിപോഷിപ്പിക്കുന്നതിനു ഹിന്ദി പത്രവാർത്തകൾ, അവതരണം,പ്രസംഗം,കവിതകൾ, ലേഖനം,തുടങ്ങിയവ അവതരിപ്പിക്കുക. | ഒരു വർഷം | അദ്ധ്യാപിക | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |
| 3. **ലേഖനശേഷി വർധിപ്പിക്കുക** | പ്രത്യേക ദിവസങ്ങളിൽ ഹിന്ദി അസംബ്ളി ,മത്സരങ്ങൾ ദിനാചരണങ്ങൾ,നാടകാവതരണങ്ങൾ, തുടങ്ങിയവയ്ക്ക് അവസരങ്ങൾ നൽകുക കഥ,കവിത, നോവൽഭാഗങ്ങൾ ക്ലാസ്സ്മുറികളിൽ സജ്ജമാക്കുക ബുള്ളറ്റിൻ ബോർഡ് ഹിന്ദി ഭാഷയിൽ കുട്ടികളുടെ തനത് രചനകൾ പ്രദർശനം | ഒരു വർഷം | അദ്ധ്യാപിക | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |
| 4. **സംസാരശേഷി വർദ്ധിപ്പിക്കുക** | കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു ആശയങ്ങൾ അവതരിപ്പിക്കുക, ദിനാചരണങ്ങളോടനുബന്ധിച്ചു പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കുക, പഠനപിൻതുണ അർഹിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ താല്പര്യം മനസിലാക്കി പഠനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.അതിനായി അഭിനയം,കല തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി ഞാനും എല്ലാവരുമോടൊപ്പമാണെന്ന തോന്നലിലേക്ക് കുട്ടികളെ വളർത്തിയെടുക്കുക. | ഒരു വർഷം | അദ്ധ്യാപിക | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| **5.**<br>**ഹിന്ദി ദിനാഘോഷം** | സെപ്റ്റംബർ 14 കുട്ടികളുടെ സർഗശേഷി വളർത്തുന്നതിന് ഹിന്ദി കലോത്സവം, മഹത് വചന പ്രദർശനം ഹിന്ദി ഭാഷ നൈപുണി വളർത്തുക | | അദ്ധ്യാപിക | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |
| **4**<br>**കിസാൻ സഭ** | കാർഷികവൃത്തി അന്യംനിന്നുപോകുന്ന ഇക്കാലത്തു കുട്ടികളെ കൃഷിയിലേക്ക് താല്പര്യമുണ്ടാകുവാൻ വീട്ടുമുറ്റങ്ങളും, സ്കൂൾ അങ്കണവും കൃഷിത്തോട്ടമാക്കുക.. | ഒരു വർഷം | അദ്ധ്യാപിക | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |

# മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്ത നങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തി യാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറു കൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തന ങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവ ങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളി ലൂടെ പ്രായോഗിക പരിശീ ലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ ക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധ വൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധ വൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ ക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

# മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| 3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് | 3. കഥ, കവിത, ശില്പശാല |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 4. സെമിനാർ |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 5. ചുവർ മാഗസിൻ |
| | 6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യപഠനയാത്ര |
| | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

# പ്രവർത്തനപദ്ധതി വിശദീകരണം

**പ്രവർത്തനം-1**

## പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് |
| SRG അംഗീകാരം | വിഷയസമിതി | മെയ് |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി |

പ്രവർത്തനം-2

## വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് |
| SRG അംഗീകാരം | വിഷയസമിതി | മെയ് |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

## വായനക്കൂട്ടം - പുസ്തകച്ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി |

## പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

### 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

### 2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

### 3. കഥ, കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്യുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

## 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

| ക്ലാസ് 8 | | |
|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| അക്ഷരം, ചിഹ്നങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നു. | • അക്ഷരമാല കാർഡ്<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു. | ജൂൺ – ജൂലൈ |
| എണ്ണങ്ങൾ ആഴ്ചയുടെ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | • വിദ്യാർത്ഥികളോട് അവരുടെ ജനനത്തീയതി സംസ്കൃതത്തിൽ എഴുതുവാൻ പഠിപ്പിക്കുന്നു.<br>• വർക്ക് ഷീറ്റുകൾ നൽകുന്നു. | ഓഗസ്റ്റ് – സെപ്റ്റംബർ |
| സംസ്കൃതം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് പ്രാധാന്യം. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂൺ – സെപ്റ്റംബർ |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കൽ. | ചിത്രകഥ, കാർട്ടൂൺ കവിതകൾ തുടങ്ങിയവ വായനയ്ക്ക് നൽകുന്നു. | ഒക്ടോബർ – നവംബർ |
| ജീവചരിത്രം യാത്രാവിവരണം എന്നിവ എഴുതുന്നതിന് പരിശീലിപ്പിക്കുന്നു. | • പ്രസിദ്ധരായവരുടെ ജീവചരിത്രങ്ങൾ പരിചയപ്പെടുത്തുന്നു.<br>• യാത്രാവിവരണങ്ങൾ വായിക്കുവാൻ നൽകുന്നു. | ഡിസംബർ – ഫെബ്രുവരി |

ക്ലാസ് 9

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സംസ്കൃതം എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക. | • വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ<br>ജൂലൈ |
| വിഭക്തി, അവ്യയം പ്രത്യയങ്ങൾ എന്നിവ മനസ്സിലാക്കാൻ വാക്യഘടന പരിചയപ്പെടുത്തുന്നു. | • ഐസിടിയിലൂടെ വിഭക്തി, പ്രത്യയം, അവ്യയങ്ങളെക്കുറിച്ച് കാണിച്ച് അവ കണ്ടെത്തുവാൻ നൽകുന്നു.<br>• കവിത കഥ പൂരിപ്പിക്കാൻ നൽകുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| പോസ്റ്റർ തയ്യാറാക്കൽ ശ്ലോകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | • പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>• ശ്ലോകങ്ങൾ നൽകി ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. | നവംബർ<br>ഡിസംബർ<br>ജനുവരി |

ക്ലാസ് 10

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുന്നു. | • സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു.<br>• നാടകം വേദിയിൽ അവതരിപ്പിക്കുന്ന ു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| സാഹിത്യ അഭിരുചി വളർത്തുന്നു. കലോത്സവത്തിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുവാൻ പറയുന്നു. | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു<br>• തിരക്കഥ എഴുതുവാൻ ശീലിപ്പിക്കുന്നു. | ഡിസംബർ<br>ജനുവരി |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |





## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

**സെന്റ് തോമസ് ഹൈസ്കൂൾ മലയാറ്റൂർ**

ആരോഗ്യ കായിക വിദ്യാഭ്യാസം – ആമുഖം

ആരോഗ്യ കായിക വിദ്യാഭ്യാസം ഒരു സമഗ്രമായ വിദ്യാഭ്യാസ ഘടകമാണ്. വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക, സാമൂഹിക വികസനത്തിന് ഇതു വലിയ പങ്ക് വഹിക്കുന്നു. ശരീര പരിശീലനം, ആഹാര ശീലങ്ങൾ, വ്യക്തിഗത ശുചിത്വം, മാനസിക ആരോഗ്യവും ടീം സ്പിരിറ്റുമാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ലക്ഷ്യങ്ങൾ:
- ശാരീരിക കഴിവുകൾ വർധിപ്പിക്കുക.
- ആരോഗ്യപരമായ ശീലങ്ങൾ വളർത്തുക.
- മാനസിക ആരോഗ്യം വളർത്തുന്നതിനുള്ള ശ്രമങ്ങൾ ആക്കം വർദ്ധിപ്പിക്കുക.
- കായിക മാന്യങ്ങൾ, ടീം സ്പിരിറ്റ്, നേതൃത്വം തുടങ്ങിയവ വളർത്തുക.
- ജീവിത നൈപുണ്യങ്ങൾ (life skills) പരിശീലിപ്പിക്കുക.

## ക്ലാസ് 8

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | അധ്യായനം ആരംഭം: ആരോഗ്യത്തിന്റെ അർത്ഥം, ശുചിത്വം, വ്യക്തിഗത പരിചരണം |
| ജൂലൈ | ഭക്ഷണ ശീലങ്ങൾ, വ്യക്തിഗത ശുചിത്വം, യോഗ അഭ്യാസം - അടിസ്ഥാന നില |
| ഓഗസ്റ്റ് | കായിക പരിശീലനം (വാമപ്പ്, |

| | |
|---|---|
| | ആക്സസൈസ്), മനോനിലകളുടെ പരിചയം |
| സെപ്റ്റംബർ | ഔട്ട്ഡോർ ഗെയിംസ് (കോ-ഓർഡിനേഷൻ, ടീം വർക്ക്) |
| ഒക്ടോബർ | ഒന്നാം ടേം റിവിഷൻ - ക്വിസ്, പ്രായോഗിക പരീക്ഷ |
| നവംബർ | ആദ്യ സഹായം, ചെറിയ പരുക്കുകൾക്കുള്ള ചികിത്സ |
| ഡിസംബർ | യോഗ പരിശീലനം - ഊർജ്ജം, ശ്വസനം, ഒല്ലാബന ആശനങ്ങൾ |
| ജനുവരി | കായിക മത്സരങ്ങൾ - സ്കൂൾ ഇടശ്രേണി മത്സരങ്ങൾ |
| ഫെബ്രുവരി | ടീം ആക്ടിവിറ്റികൾ - ലീഡർഷിപ്പ്, പങ്കാളിത്തം |
| മാർച്ച് | ഫൈനൽ റിവിഷൻ - ക്ലാസ് ടെസ്റ്റ്, പ്രാക്ടിക്കൽ ഡെമോ |

വിലയിരുത്തൽ:
- ഇടക്കാല ലേഖനം (Mid-term written test): 15 മാർക്ക്
- പ്രായോഗിക പരിശോധന (Practical): 25 മാർക്ക്
- ക്ലാസ് പങ്കാളിത്തം, സ്ഥിരത, ശുചിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ: 10 മാർക്ക്
- മൊത്തം: 50 മാർക്ക്

## ക്ലാസ് 9

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | ആരോഗ്യം: ശാരീരിക + മാനസിക = സമഗ്ര ആരോഗ്യം |
| ജൂലൈ | പോഷകാഹാരവും ഭക്ഷണത്തിന്റെ |

| | |
|---|---|
| | തരംതിരിച്ച അറിവും |
| ഓഗസ്റ്റ് | ഡിജിറ്റൽ സമയ ഉപയോഗം - മാനസിക ആരോഗ്യത്തെ ബാധിക്കുന്ന ഭാഗങ്ങൾ |
| സെപ്റ്റംബർ | യോഗ ആശനങ്ങൾ - സ്ഥിരതയും സംതുലിതത്വവും |
| ഒക്ടോബർ | ടെർമിൻൽ പരീക്ഷ തയ്യാറെടുപ്പ് |
| നവംബർ | കോർഡ് ഗെയിംസ്: ക്ലപ്പറേഷൻ ആക്ടിവിറ്റികൾ |
| ഡിസംബർ | വ്യായാമ ശീലങ്ങൾ: ഫിറ്റ്നസ് ടെസ്റ്റ്, വിവിധ സൗകര്യങ്ങളിലൂടെയുള്ള പരിശീലനം |
| ജനുവരി | കായിക മേള ഒരുക്കൽ/പങ്കെടുപ്പ് |
| ഫെബ്രുവരി | വ്യക്തിഗത ശുചിത്വത്തെ കുറിച്ചുള്ള പ്രവർത്തനങ്ങൾ |
| മാർച്ച് | വാർഷിക വിലയിരുത്തൽ: തിയറി + പ്രായോഗികം |

വിലയിരുത്തൽ:
- ലേഖനം (Theory): 15 മാർക്ക്
- പ്രായോഗിക പരീക്ഷ: 25 മാർക്ക്
- ലൈഫ് സ്കിൽസ്, പങ്കാളിത്തം: 10 മാർക്ക്
- മൊത്തം: 50 മാർക്ക്

## ക്ലാസ് 10

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | ആരോഗ്യ വിദ്യാഭ്യാസം - ജീവിതശൈലി രോഗങ്ങൾ |
| ജൂലൈ | പരിശീലന പദ്ധതികൾ: വ്യക്തിഗത |

| | ഫിറ്റ്നസ് ഗോളുകൾ |
|---|---|
| ഓഗസ്റ്റ് | മാനസിക സമ്മർദ്ദം കൈകാര്യം ചെയ്യൽ: ആത്മവിശ്വാസം, ശ്രദ്ധ |
| സെപ്റ്റംബർ | യോഗ ആംഗ്യങ്ങൾ, മെഡിറ്റേഷൻ |
| ഒക്ടോബർ | പകുതി വർഷ പരീക്ഷ തയ്യാറെടുപ്പ് |
| നവംബർ | CPR/First Aid - പ്രായോഗിക പരിശീലനം |
| ഡിസംബർ | ആരോഗ്യദിനങ്ങൾ - പ്ലാനിംഗ്, സ്കൂൾ പരിപാടികളിൽ പങ്കെടുപ്പ് |
| ജനുവരി | ലീഡർഷിപ്പ് ട്രെയിനിങ് - കായിക ക്യാപ്, ക്ലബ് പ്രവർത്തനം |
| ഫെബ്രുവരി | റിവിഷൻ - പരിപാടികൾ, ഗ്രൂപ്പ് പ്രൊജക്റ്റ് |
| മാർച്ച് | അവസാന പരീക്ഷ - തിയറി, പ്രാക്ടിക്കൽ + റിപ്പോർട്ട് |

വിലയിരുത്തൽ:
- ലേഖനം (Theory): 15 മാർക്ക്
- പ്രായോഗികം (Practical): 25 മാർക്ക്
- ടീം പ്രൊജക്ട്/റിപ്പോർട്ട്: 10 മാർക്ക് (അത് തിയറി ഉൾപ്പെടുത്താം)
- മൊത്തം: 50 മാർക്ക്

**ടൈറ്റസ് .ജി .ഊരക്കാട്ടിൽ,**

**കായികാധ്യാപകൻ**

# SCIENCE

തയ്യാറാക്കിയത് : ജോർജി വർഗ്ഗീസ് കെ.
സനിൽ പി. തോമസ്
: സിജി കെ. ടി
: മെറിഡെയിൽ എം. ജെ
: ടോണി പറേലാസ്
: എമിൽ പോൾ
: ടിൻസി പോൾ
: അനു കെ. ബി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിതസാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോദ്യാനം, ജൈവവേലി, ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുന്നു | അക്കാദമികവർഷം | അധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് പരിസ്ഥിതി ക്ലബ്. |
| ഇൻഡോർ ഗാർഡൻ | ക്ലാസ്സ്മുറികളിൽ ഇൻഡോർ പ്ലാന്റ് കൊണ്ട് മനോഹരമാക്കുന്നു. വരാന്തയും ഉപയോഗിക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകൻ ഹെൽത്ത് ക്ലബ് |
| പരീക്ഷണകളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ | ജൂൺ മുതൽ | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. ഹോം ലാബ് തയ്യാറാക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | | |
| മാസ്റ്റർമൈന്റ് ശാസ്ത്രപ്രതിഭ ശേഷി വികസിപ്പിക്കാ ആധുനിക ശാസ്ത്രവികാസങ്ങൾക്കൊ കാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കാ | ശാസ്ത്രക്ലബ്, പരിസ്ഥിതിക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുവാനുള്ള അവസരം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. |
| എക്സ്പ്ലോ-എക്സ്പ്ലോർ | ആധുനിക ശാസ്ത്രലോകത്തിൽ പരീക്ഷണങ്ങൾ, നിശ്ചല മാതൃക, പ്രൊജക്ട് എന്നിവ ഉൾപ്പെടുത്തിയുള്ള | ടേമിന് ഒന്ന് | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രവിസ്മയ പതിപ്പ് | ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ വ്യക്തിഗതമായും ഗ്രൂപ്പായും ശാസ്ത്രവിസ്മയ പതിപ്പ് തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ക്ലബ്ബ്. |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്ര ക്വിസ് ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ, ദിനാചരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. |
| അത്ഭുതക്കണ്ണിലൂടെ കൗതുകം ജിജ്ഞാസ നിറഞ്ഞ പാടവം എന്നിവ പരിപോഷിപ്പിക്കുക | സഹപാഠിക്ക് മുൻപിൽ കുട്ടികൾ തന്നെ ലഘു പരീക്ഷണങ്ങൾ കാണിച്ചുകൊടുക്കുവാൻ അവസരമൊരുക്കുന്നു. വീഡിയോകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നു | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം. | സയൻസ് ക്ലബ് |
| ഹൈടെക് ലെവൽ മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. സയൻസ്ലാബ് ആധുനികവൽക്കരണം | അക്കാദമികവർഷം | സയൻസ് ക്ലബ് PTA. |
| ആയുർവേദ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് തണൽവൃക്ഷങ്ങൾ നട്ടുവളർത്തൽ. | അക്കാദമികവർഷം | |
| വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണത്വര വർദ്ധിപ്പിച്ച്, നേരറിവ് നേടൽ | പുത്തൻ സാങ്കേതിക വിദ്യകൾ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. ശാസ്ത്രജ്ഞന്മാരുമായി സംവദിക്കാൻ | വർഷത്തിൽ ഒന്ന് | |